<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2516</u> <u>05/11/2019-ൽ മറുപടിക്ക്</u>

## വൈദ്യുതി ഉത്പാദനത്തിൽ വർദ്ധന

| | <u>ചോദ്യം</u><br><br>**ശ്രീ.യു. ആർ. പ്രദീപ്** | | <u>മറുപടി</u><br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചെറുകിട ജലവൈദ്യുത പദ്ധതി, സൗരോർജ്ജ വൈദ്യുതി പദ്ധതി എന്നിവയിലൂടെ എത്ര മെഗാവാട്ടിന്റെ ഉത്പാദന വർദ്ധനയാണ് കൈവരിച്ചിട്ടുള്ളത്; ഇതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ചെറുകിട ജലവൈദ്യുതപദ്ധതികളായ വെള്ളത്തൂവൽ (3.6 മെഗാവാട്ട്), പെരുന്തേനരുവി (6 മെഗാവാട്ട്), കക്കയം (3 മെഗാവാട്ട്) എന്നീ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കി ഉല്പാദനം ആരംഭിച്ചു. ഈ പദ്ധതികൾ വഴി ആകെ 12.6 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 21 സൗരോർജ്ജ പദ്ധതികൾ കെ.എസ്.ഇ.ബി.എൽ -ൽ പൂർത്തീകരിച്ചു (15.7 മെഗാവാട്ട്). ഇതുകൂടാതെ കൺസ്യൂമേഴ്സ് വഴി 47.35 മെഗാവാട്ടും സിയാൽ, അനർട്ട്, IREDA, KMRL തുടങ്ങിയ സ്ഥാപനങ്ങൾ വഴി 83.073 മെഗാവാട്ടും കെ.എസ്.ഇ.ബിയുടെ ഗ്രിഡിലേയ്ക്ക് ലഭിക്കുന്നുണ്ട്. അങ്ങനെ സോളാർ പ്ലാന്റ് ഉപയോഗിച്ചുള്ള ആകെ സ്ഥാപിതശേഷി 146.14 MWp ആണ്. കൂടാതെ 27 മെഗാവാട്ടിന്റെ കാറ്റിൽ നിന്നുള്ള പദ്ധതികളും പൂർത്തീകരിച്ചു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വകാര്യ സംരംഭകർ വഴി 12.5 MW സ്ഥാപിതശേഷി വരുന്ന 2 പദ്ധതികൾ (പാതംകയം 8 MW, കാരിക്കയം രണ്ടാം ഘട്ടം 4.5 MW) കമ്മീഷൻ ചെയ്തിട്ടുണ്ട്.<br><br>ഇടുക്കി ജില്ലയിലെ മറയൂരിനടുത്തുള്ള ഈച്ചാംപെട്ടി ആദിവാസി കോളനിയിൽ 4 കിലോവാട്ടിന്റെ മൈക്രോ ഹൈഡ്രോ ജലവൈദ്യുതി ഉപയോഗിച്ച് മൈക്രോ ഗ്രിഡ് സംവിധാനം നടപ്പിലാക്കി വൈദ്യുതീകരിച്ചു<br><br>MNRE യുടെ സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷി |

| | | | |
|---|---|---|---|
| | | | വരുന്ന 25 പൈക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി.<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അനെർട്ട് 7.2 മെഗാ വാട്ട് സോളാർ ഓഫ് ഗ്രിഡ് നിലയം സ്ഥാപിച്ചിട്ടുണ്ട്. 10 മെഗാവാട്ട് കാറ്റാടി നിലയവും സ്ഥാപിച്ചിട്ടുണ്ട് |
| (ബി) | വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുവാൻ സ്വീകരിച്ച മറ്റു നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ? | (ബി) | വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുവാൻ 2015-മുതൽ മുടങ്ങിക്കിടന്നിരുന്ന തൊട്ടിയാർ (40 മെഗാവാട്ട്), പള്ളിവാസൽ എക്സ്റ്റൻഷൻ (60 മെഗാവാട്ട്), ചാത്തൻകോട്ടുനട – II (6 മെഗാവാട്ട്), എന്നീ പദ്ധതികളുടെ നിർമ്മാണം പുനരാരംഭിച്ചു. കൂടാതെ ജലവൈദ്യുത പദ്ധതികളായ പെരുവണ്ണാമൂഴി (6 മെഗാവാട്ട്), ചിന്നാർ (2 മെഗാവാട്ട്), അപ്പർകല്ലാർ (2 മെഗാവാട്ട്), പഴശ്ശിസാഗർ (7.5 മെഗാവാട്ട്) എന്നീ പദ്ധതികളുടെ നിർമ്മാണം ആരംഭിച്ചു<br><br>കൂടാതെ കുറ്റിയാടി ജലവൈദ്യുത പദ്ധതിയുടെ നവീകരണ പുനരുദ്ധാരണ ജോലികളുടെ ഭാഗമായി 25 MW വീതം ശേഷിയുള്ള മൂന്നു ജനറേറ്ററുകളുടെ സ്ഥാപിത ശേഷി 2.5 MW വീതം (ആകെ 7.5 MW) വർദ്ധിപ്പിക്കുന്ന ജോലിയുടെ Letter of Acceptance കേന്ദ്ര പൊതുമേഖലാ സ്ഥാപനമായ ഭാരത് ഹെവി ഇലക്ട്രിക്കൽസ് ലിമിറ്റഡിനു 07.09.2019 നു നൽകുകയുണ്ടായി.<br><br>ഇപ്പോൾ 31 പദ്ധതികൾ (സംസ്ഥാനത്തെ ജില്ലാ പഞ്ചായത്ത്, കളക്ടറേറ്റ്, വൈദ്യുതി ബോർഡ് കെട്ടിടങ്ങളുടെ മുകളിൽ സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്ന പദ്ധതി) പുതുതായി ആരംഭിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ നടന്നു വരുന്നു.<br>ബാണാസുരസാഗർ റിസർവോയറിൽ 500 കിലോവാട്ട് ശേഷിയുള്ള ഫ്ലോട്ടിംഗ് സോളാർ പദ്ധതി നടപ്പിലാക്കി. ഇതിൽ നിന്നുള്ള 0.02 മില്ല്യൺ യൂണിറ്റ് പ്രതിവർഷം വൈദ്യുതി 2019 ജനുവരി മുതൽ കെ.എസ്.ഇ.ബി ഗ്രിഡിലേയ്ക്ക് ലഭിച്ചു വരുന്നു. കൂടാതെ പാലക്കാട് ചീറ്റൂരിൽ മലയാള മനോരമയുടെ 10 മെഗാവാട്ട് പദ്ധതി ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്തിട്ടുണ്ട്.<br>ഇതിനു പുറമേ, ബ്രഹ്മപുരം, അഗളി, കഞ്ചിക്കോട് എന്നിവിടങ്ങളിൽ കെ.എസ്.ഇ.ബി.യുടെ അധീനതയിലുള്ള സ്ഥലത്ത് 8 മെഗാവാട്ടിന്റെ സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ദർഘാസുകൾ ക്ഷണിച്ച് |

| | | | |
|---|---|---|---|
| | | | വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു<br>സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് ശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. ഇതിന്റെ ആദ്യഘട്ടമായി 8 മെഗാവാട്ട് പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടിയുള്ള റീ ടെൻഡർ നടപടികൾ എൻ.എച്ച്.പി.സി സ്വീകരിച്ച വരുന്നു. കൂടാതെ സ്വകാര്യ സംരംഭകരായ രാമക്കൽമേട് പ്രൈവറ്റ് ലിമിറ്റഡ് 2 മെഗാവാട്ട് പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>വെസ്റ്റ് കല്ലടയിൽ 50 മെഗാവാട്ട് ഫ്ലോട്ടിംഗ് സോളാർ നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി 10 മെഗാവാട്ടിന്റെ നിർമ്മാണം ആരംഭിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ഇ.ബി.എൽ സ്ഥലം പാട്ടത്തിന് എടുത്ത് എൻ.എച്ച്.പി.സി യ്ക്ക് കൈമാറിയിട്ടുണ്ട്.<br>വൈദ്യുതോല്പാദനം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി ചെറുകിട ജലവൈദ്യുത നയം 2012 പ്രകാരം സ്വകാര്യ സംരംഭകർ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവർക്ക് ബൂട്ട് അടിസ്ഥാനത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കുന്നതിന് അനുമതി നൽകി വരുന്നു. ഇപ്രകാരം 47.4MW ന്റെ 20 പദ്ധതികൾ അനുവദിച്ച നൽകിയിട്ടുണ്ട്.<br>വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി അനെർട്ട് ചുവടെ പറയുന്ന കാര്യങ്ങൾ നടപ്പിലാക്കു വരുന്നു.<br>(1). സൗര- ഊർജ കേരള മിഷൻ<br>'ഊർജ്ജ കേരള മിഷൻ' പദ്ധതി പ്രകാരം വരുന്ന 3 വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജത്തിൽ നിന്ന് ഉത്പാദിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഇതിൽ 500 മെഗാവാട്ട് കെട്ടിടങ്ങളുടെ മേൽക്കൂരകളിൽ സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിൽ നിന്നും ഉത്പാദിപ്പിക്കുകയാണ് ലക്ഷ്യം. പാഴ് നിലങ്ങളിലും ജലോപരിതലത്തിലും സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിച്ച് 500 മെഗാവാട്ട് വൈദ്യുതി ഉത്പാദിപ്പിക്കുവാനും കെ.എസ്.ഇ.ബി.എൽ.ഉം അനെർട്ടും സംയുക്തമായി നടപ്പിലാക്കുന്ന 'ഊർജ്ജ മിഷൻ-സൗര' പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു. |

| | | | |
|---|---|---|---|
| | | | (2). "ബൈ മൈ സൺ" വെബ് പോർട്ടൽ :<br>ഗുണഭോക്താക്കൾക്ക് വീട്ടിലിരുന്നുകൊണ്ടു തന്നെ അവർക്ക് ആവശ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ വാങ്ങാൻ സാധിക്കും വിധം അംഗീകൃത സേവനദാതാക്കളുടെയും ഗുണനിലവാരം ഉറപ്പുവരുത്തിയ ഉപകരണങ്ങളുടെയും പട്ടിക തയ്യാറാക്കി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ആയ "ബൈ മൈ സൺ" (www.buymysun.com) എന്ന ഇ-കോമേഴ്സ് വെബ്പോർട്ടൽ അനെർട്ട് പ്രവർത്തന സജ്ജമാക്കിയിട്ടുണ്ട്.<br><br>വിവിധ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കൺസൽട്ടൻസി ഡെപ്പോസിറ്റ് വർക്കുകൾ അനെർട്ട് ചെയ്യുന്നുണ്ട്. ആകെ 1 മെഗാവാട്ടിന്റെ സോളാർ പവർ പ്ലാന്റ് പദ്ധതി അനെർട്ട് ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ